# കേരള കലാമണ്ഡലം കല്പിത സർവകലാശാല

വള്ളത്തോൾ നഗർ

## ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള വിജ്ഞാപനം

---

നമ്പർ:കെ.കെ.എം.ഡി.യു./ഇ - 2/1347/2019 തിയതി : 03/06/2019

---

കേരള കലാമണ്ഡലം കല്പിത സർവകലാശാലയിൽ താഴെപ്പറയുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

1. **കഥകളി വേഷം വടക്കൻ** *(ആൺകുട്ടികൾക്ക് )*
2. **കഥകളി വേഷം തെക്കൻ** *(ആൺകുട്ടികൾക്ക് )*
3. **കഥകളി സംഗീതം** *(ആൺകുട്ടികൾക്ക് )*
4. **കഥകളി ചെണ്ട** *(ആൺകുട്ടികൾക്ക് )*
5. **കഥകളി മദ്ദളം** *(ആൺകുട്ടികൾക്ക് )*
6. **കഥകളി ചുട്ടി** *(ആൺകുട്ടികൾക്ക് )*
7. **കൂടിയാട്ടം പുരുഷ വേഷം**
8. **കൂടിയാട്ടം സ്ത്രീ വേഷം**
9. **മിഴാവ്** *(ആൺകുട്ടികൾക്ക് )*
10. **തുള്ളൽ**
11. **മൃദംഗം** *(ആൺകുട്ടികൾക്ക് )*
12. **തിമില** *(ആൺകുട്ടികൾക്ക് )*
13. **കർണ്ണാടകസംഗീതം**
14. **മോഹിനിയാട്ടം** *(പെൺകുട്ടികൾക്ക് )*

മോഹിനിയാട്ടത്തിന് എട്ടും (8), മറ്റു വിഷയങ്ങൾക്ക് നാല് (4) സീറ്റ് വീതവുമാണ് ഉള്ളത്. 45% മാർക്കോടുകൂടിയോ സി.ബി.സി.എസ്.എസിൽ 'C+' (സി പ്ലസ്) ഗ്രേഡോടുകൂടിയോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലെ ഡിഗ്രിയോ, ബന്ധപ്പെട്ട വിഷയത്തിൽ യൂണിവേഴ്സിറ്റി അംഗീകരിച്ച തത്തുല്ല്യ പരീക്ഷയോ പാസായ 28 വയസ്സിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. മേൽ വിഷയങ്ങൾ ഐച്ഛികമായി ബിരുദമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി എസ്.ബി.ഐ.ശാഖയിൽ **രജിസ്ട്രാർ, കേരള കലാമണ്ഡലം** എന്ന പേരിലുള്ള **30238237798** അക്കൗണ്ട് നമ്പറിലേക്ക് **(IFSC Code SBIN0070971)** 500/- രൂപ അടവാക്കിയ ഒറിജിനൽ കൗണ്ടർ ഫോയിൽ (account pay-in slip) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് 200/ - രൂപ അടച്ചാൽ മതിയാകുന്നതാണ്.

അപേക്ഷയും വിശദവിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസ്സും കലാമണ്ഡലം വെബ്സൈറ്റിൽ നിന്ന് (www.kalamandalam.org) 2019 ജൂൺ 3-ാം തിയതി മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയ്യതി 2019 ജൂൺ 18. 2019 ജൂൺ 26-ന് നടക്കുന്ന അഭിമുഖത്തിന്റ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശനവും ക്ലാസുകളും ആരംഭിക്കുന്നത് ജൂലൈ 1-ന് ആണ്.

പൂരിപ്പിച്ച അപേക്ഷകൾ വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും മാർക്കുലിസ്റ്റുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടുകൂടി **രജിസ്ട്രാർ, കേരള കലാമണ്ഡലം, വള്ളത്തോൾ നഗർ, തൃശ്ശൂർ ജില്ല – 679 531** എന്ന വിലാസത്തിൽ **2019 ജൂൺ 18–ാം തിയതി 4.00 മണിക്ക്** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.

**രജിസ്ട്രാർ**
കേരള കലാമണ്ഡലം